# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : **975** **12/06/2014** ൽ മറുപടിക്ക്

## ഐ .ടി .അറ്റ് സ്കൂൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജെയിംസ് മാത്യു | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) ഐ.ടി. അറ്റ് സ്കൂൾ പ്രവർത്തനം ഏതെങ്കിലും രീതിയിൽ മാറ്റം വരുത്താനുദ്ദേശിക്കുന്നുണ്ടോ ; | എ) ഇല്ല |
| ബി) ഐ.ടി. അറ്റ് സ്കൂൾ പ്രവർത്തനത്തിലെ ഫണ്ട് വിനിയോഗം ഓഡിറ്റിന് വിധേയമാണോ ; വിധേയമാണെങ്കിൽ ഏത് ഏജൻസിയാണ് ഓഡിറ്റ് ചെയ്യുന്നത് ; | ബി) ഐടി@സ്കൂൾ പ്രവർത്തനത്തിലെ ഫണ്ട് വിനിയോഗം ഓഡിറ്റിന് വിധേയമാണ്. മിഷൻ ഡയറക്ടറായ പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ ഓഫീസിലെ ഓഡിറ്റ് വിഭാഗവും അക്കൗണ്ടന്റ് ജനറൽ ഓഫീസ് ഓഡിറ്റ് വിഭാഗവും ആണ് ഓഡിറ്റ് നടത്തുന്നത്. |
| സി) ഐ. ടി. അറ്റ് സ്കൂൾ പദ്ധതി നടപ്പിലാക്കാനാവശ്യമായ കമ്പ്യൂട്ടർ, അനുബന്ധവസ്തുക്കൾ എന്നിവ വാങ്ങാൻ ചുമതലയുള്ള ഉദ്യോഗസ്ഥർ ആരെല്ലാമാണ് ; ജില്ലാതലത്തിൽ ഏതെങ്കിലും ഉദ്യോഗസ്ഥർക്ക് ഇതിന്റെ മാത്രം പ്രത്യേകം ചുമതല നൽകിയിട്ടുണ്ടോ? | സി) ഐടി@സ്കൂൾ പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ കമ്പ്യൂട്ടർ അനുബന്ധ വസ്തുക്കൾ വാങ്ങുന്നത് സർക്കാരിന്റെ സ്റ്റോർ പർച്ചേസ് നിബന്ധനകൾക്കും നിലവിലിരിക്കുന്ന ടോട്ടൽ സർവീസ് പ്രൊവൈഡറായ കെൽട്രോണിന് കാലാകാലങ്ങളിൽ സർക്കാർ കൊടുക്കുന്ന നിർദ്ദേശങ്ങൾ അനുസരിച്ചുമാണ്. പൊതു വിദ്യാഭ്യാസ സെക്രട്ടറി, പൊതു വിദ്യാഭ്യാസ ഡയറക്ടർ, ഐടി@സ്കൂൾ എക്സിക്യൂട്ടീവ് ഡയറക്ടർ എന്നിവർ ചേർന്നാണ് ഇതിൽ തീരുമാനമെടുക്കുന്നത്. ഉപകരണങ്ങളുടെ ഗുണമേന്മാ പരിശോധനക്കായി വിദഗ്ധരടങ്ങുന്ന ടെക്നിക്കൽ കമ്മിറ്റിയുമുണ്ട്. ജില്ലാ തലത്തിൽ ഇതിനായി പ്രത്യേകിച്ച് ആർക്കും ചുമതല നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ